# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ജൂൺ 7


# മലങ്കരസഭ തേങ്ങി മാർ ദീവന്നാസ്യോസിനു കണ്ണീരോടെ വിട



കോട്ടയം: ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് മലങ്കരസഭ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി ചൊല്ലി. കബറടക്കം ഇന്ന് 11. 30 ന് വള്ളിക്കാട്ട് ദയറായിൽ ആരംഭിച്ച് രണ്ട് മണിയോടെ സമാപിച്ചു. ഭൗതികദേഹം ദർശിക്കാൻ മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരങ്ങളെത്തി. പ. കാതോലിക്കാബാവാ കബറടക്ക ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, മന്ത്രിമാരായ ടി. യു. കുരുവിള, തോമസ് ഐസക്ക്, ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി, എം. പി. മാരായ സുരേഷ് കുറുപ്പ്, ഫ്രാൻസിസ് ജോർജ്, എം. എൽ. എ. മാരായ വി. എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. എഫ്. തോമസ് തുടങ്ങിയവർ ഭൗതികദേഹം ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

## മലങ്കരസഭയ്ക്ക് സ്വർഗ്ഗീയ മദ്ധ്യസ്ഥരെ സൃഷ്ടിക്കുന്ന അൻപതുകൾ

**വിപിൻ കെ. വറുഗീസ്, സൗത്ത് പാമ്പാടി**

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ മേൽപ്പട്ടക്കാരിൽ ഭൂരിപക്ഷം പിതാക്കന്മാരും സ്വർഗ്ഗീയ മദ്ധ്യസ്ഥരുടെ നിരയിലേക്ക് ചേർക്കപ്പെടുന്നത് ഉയർന്ന പ്രായത്തിലാണ്. എന്നാൽ അൻപതുകൾ മലങ്കരസഭയ്ക്ക് പരിശുദ്ധന്മാർ ഉൾപ്പെടുന്ന ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥനിരയെ സൃഷ്ടിച്ചു നൽകി. ഈ നിരയിലെ മറ്റൊരു കണ്ണിയാണ് അഭിവന്ദ്യനായ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.

പരുമല കൊച്ചുതിരുമേനി എന്ന അപരനാമത്തിൽ വിഖ്യാതനായ ചാത്തുരുത്തിൽ പ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാണ് ഈ നിരയിലെ പരിശുദ്ധന്മാരിൽ ഒരാൾ. മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ കൊച്ച് മത്തായിയുടെയും മറിയാമ്മയുടെയും പുത്രനായി 1848 ജൂൺ 15 ന് കൊച്ചയ്പോര ജനിച്ചു. 1858 സെപ്റ്റംബർ 14 ന് കരിങ്ങാച്ചിറ സെന്റ് ജോർജ് പള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. 1861–ൽ മ്ശംശോനോ പട്ടവും 1865–ൽ കശീശാ പട്ടവും കോർ എപ്പിസ്കോപ്പാ സ്ഥാനവും യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽനിന്ന് സ്വീകരിച്ചു. 1872 ഏപ്രിൽ 7–ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി. 1875–ൽ മലങ്കരയിൽ എത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയും ആയി പ്രവർത്തിച്ച അദ്ദേഹം 1876 ഡിസംബർ 10–ന് വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് പരിശുദ്ധ പാത്രിയർക്കീസിൽനിന്നും ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്നനാമത്തിൽ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. നിരണം ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ ആയിരുന്നു. 1889–ൽ മലങ്കരസഭയിലേക്ക് ചേർന്ന കത്തോലിക്കാ വൈദികൻ ഫാ. അൽവാറീസിനെ അൽവാറീസ് മാർ യൂലിയോസ് എന്ന പേരിൽ ബോംബെ – മംഗലാപുരം ഭദ്രാസനത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു. 1895–ൽ ജനുവരി 28 ന് വിശുദ്ധ നാടുകളിൽ സന്ദർശനം നടത്തുകയും "ഊർശ്ലേം യാത്ര" എന്ന യാത്രാവിവരണ ഗ്രന്ഥം രചിക്കുകയും ചെയ്തു. ആദ്യത്തെ അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്തായായിരുന്നു. 1902 നവംബർ 3 ന് കാലം ചെയ്ത തിരുമേനിയെ പരുമല സെന്റ് പീറ്റേഴ്സ് & സെന്റ്

പോൾസ് പള്ളിയിൽ കബറടക്കി. തന്റെ 54-ാം വയസ്സിലാണ് പരിശുദ്ധ പിതാവ് കാലം ചെയ്തത്. 1947 നവംബർ 2 ന് മലങ്കരസഭയിലെ ആദ്യ പരിശുദ്ധന്മാരിൽ ഒരാളായി പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു.

മറ്റൊരു പിതാവ് മലങ്കരയുടെ അപ്രഖ്യാപിത പരിശുദ്ധരിൽ ഒരാളായ പരിശുദ്ധ രണ്ടാം കാതോലിക്കാ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ ആണ്. 1870 ജനുവരി 11-ന് വാകത്താനം കാരുചിറ കുടുംബത്തിൽ പുന്നന്റെയും ഉണിച്ചിയുടെയും പഞ്ചമ പുത്രനായി ജനിച്ചു. 1886 ജൂൺ 13-ന് വാകത്താനം സെന്റ് ജോൺസ് വലിയപള്ളിയിൽ വച്ച് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും കോറൂയോ പട്ടമേറ്റു. 1890 ജൂൺ 1-ന് കുറിച്ചി വലിയ പള്ളിയിൽ വച്ച് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ യൗപ്പദിയക്കിനോ പട്ടം നൽകി. പരുമല തിരുമേനിയോടൊപ്പം ഊർശ്ലേം യാത്രയിൽ സംബന്ധിച്ചു. 1892 സെപ്റ്റംബർ 18-ന് വാകത്താനം വലിയപള്ളിയിൽ വച്ച് മാർ അത്താനാസ്യോസിൽ നിന്നും മ്ശംശോനോ പട്ടം സ്വീകരിച്ചു. 1896 ആഗസ്റ്റ് 16-ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കശീശാ പട്ടവും ആഗസ്റ്റ് 23-ന് റമ്പാൻ സ്ഥാനവും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നൽകി. 1913 ഫെബ്രുവരി 9-ന് ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ വച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ ദ്വിതീയൻ ബാവായും പൗരസ്ത്യ കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായും ചേർന്ന് ഗീവറുഗീസ് റമ്പാനെ മാർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1925 ഏപ്രിൽ 29-ന് നിരണം സെന്റ് മേരീസ് വലിയ പള്ളിയിൽ കൂടിയ യോഗം കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ പിറ്റേന്ന് കല്ലാശ്ശേരിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, കരവട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് എന്നിവർ ചേർന്ന് പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ എന്ന പേരിൽ മലങ്കരയുടെ ദ്വിതീയ കാതോലിക്കായായി വാഴിച്ചു. 1928 ഡിസംബർ 17-ന് നെയ്യൂർ എൽ. എം. എസ്. ആശുപത്രിയിൽ വച്ച് കാലം ചെയ്ത ബാവായെ പിറ്റേന്ന് വള്ളിക്കാട്ട് ദയറായിൽ കബറടക്കി. "കൊളംബ് യാത്ര" എന്ന യാത്രാവിവരണ ഗ്രന്ഥം രചിച്ചിട്ടുണ്ട്. തന്റെ 58-ാം വയസ്സിൽ ആണ് പ. ബാവാ കാലം ചെയ്തത്.

മറ്റൊരു പിതാവ് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആണ്. 1818 മേടം പത്തിന് ജനിച്ചു. ഇദ്ദേഹം മലങ്കര മെത്രാപ്പോലീത്താ ചേപ്പാട് പീലിപ്പോസ് മാർ ദീവന്നാസ്യോസിൽനിന്നും ശെമ്മാശ് പട്ടം സ്വീകരിച്ചു. പിതൃസഹോദരൻ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ നിർദ്ദേശപ്രകാരം 1842-ൽ അന്ത്യോഖ്യായിൽ എത്തിയ ഇദ്ദേഹത്തിന് ഫെബ്രുവരി 14-ന് പ. ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം നൽകി. 1843-ൽ മലങ്കരയിൽ തിരികെ എത്തിയ ഇദ്ദേഹം 1846-ൽ ചേപ്പാട് മാർ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്ത മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൊച്ചി പഞ്ചായത്ത് വിധി പ്രകാരം 1852-ൽ രാജകീയ വിളംബരത്തിന്റെ അകമ്പടിയോടെ ഏറ്റെടുത്തു. 1869-ൽ വട്ടിപ്പണത്തിന്റെ 35 വർഷത്തെ പലിശയേറ്റുവാങ്ങി. 1877 ജൂലൈ 16-ന് കാലം ചെയ്ത് മാരാമൺ മാർത്തോമ്മാ പള്ളിയിൽ കബറടങ്ങി. തന്റെ 59-ാം വയസ്സിൽ ആണ് അദ്ദേഹം കാലം ചെയ്തത്. അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നു മേൽപ്പട്ടസ്ഥാനം സ്വീകരിച്ച ആദ്യ മലയാളിയാണ് മാർ അത്താനാസ്യോസ്.

മൂന്നാമത്തെ പിതാവ് കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായാണ്. 1829-ൽ കോനാട്ട് മാത്തന്റെയും കുഞ്ഞളച്ചാരുടെയും പുത്രനായി ജനിച്ചു. 1875-ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനവും 1876 ഡിസംബർ 3-ന് വടക്കൻ പറവൂർ പള്ളിയിൽവച്ച് ഗീവറുഗീസ് മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനവും നൽകി. തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ ഇദ്ദേഹം 1879-ൽ പാമ്പാക്കുടയിൽ ഭാരതത്തിലെ ദ്വിതീയ സുറിയാനി അച്ചുകൂടം സ്ഥാപിച്ചു. മലങ്കരസഭാ വൈദിക ട്രസ്റ്റി ആയിരുന്ന മലങ്കര മല്പാൻ മാത്തൻ കോർ എപ്പിസ്കോപ്പാ സഹോദരനാണ്. 1884 മാർച്ച് 21-ന് കാലം ചെയ്ത മാർ യൂലിയോസ് മെത്രാപ്പോലീത്തായെ പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളിയിൽ കബറടക്കി. തന്റെ 55-ാം വയസ്സിലാണ് അഭിവന്ദ്യ പിതാവ് കാലം ചെയ്തത്.

മറ്റൊരു പിതാവ് പുത്തൻകാവ് കൊച്ചു തിരുമേനി എന്ന അപരനാമത്തിൽ ശ്രദ്ധേയനായ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായാണ്. 1897 ജൂൺ 18-ന് പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെ ദ്വിതീയ പുത്രനായി ജനിച്ചു. വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ മ്ശംശോനോ, കശ്ശീശാ പട്ടങ്ങളും 1929 നവംബർ 6-ന് റമ്പാൻ സ്ഥാനവും നൽകി. 1930 നവംബർ 3-ന് പരുമല പള്ളിയിൽ വച്ച് ഗീവറുഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനമേറ്റു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഈ പിതാവ് 1951 ഏപ്രിൽ 17-ന് കുന്നംകുളത്തിനടുത്ത് മരത്തംകോട് വച്ച് കാലം ചെയ്തു. പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ കബറടക്കി. തന്റെ 53-ാം വയസ്സിലാണ് അഭിവന്ദ്യ മെത്രാപ്പോലീത്താ കാലം ചെയ്തത്.

മറ്റൊരു പിതാവ് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന പൗലൂസ് മാർ സേവേറിയോസ് ആണ്. 1910 നവംബർ 6-ന് ചെറായി വലിയ പള്ളി ഇടവകയിൽ മുളയിരിക്കൽ കുഞ്ഞിട്ടൂപ്പിന്റെയും എളിച്ചിയുടെയും മകനായി ജനിച്ചു. 1926-ൽ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിൽ നിന്നും ശെമ്മാശ് പട്ടവും 1930-ൽ വൈദികപട്ടവും 1934 ഓഗസ്റ്റ് 19-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 1939-ൽ കൊരട്ടി സീയോൻ ആശ്രമം സ്ഥാപിച്ചു. 1946 ഓഗസ്റ്റ് 4-ന് അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവായിൽനിന്നും പൗലൂസ് മാർ സേവേറിയോസ് എന്ന പേരിൽ മേൽപ്പട്ടസ്ഥാനവും സ്വീകരിച്ചു. 1958-ലെ സഭാ യോജിപ്പിനെത്തുടർന്ന് മലങ്കരസഭയിലെ മെത്രാപ്പോലീത്താ ആയി. 1962 മാർച്ച് 17-ന് തന്റെ 51-ാം വയസ്സിൽ ആർത്താറ്റ് വച്ച് കാലം ചെയ്ത തിരുമേനിയെ ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളിയിൽ കബറടക്കി.

ഈ ശ്രേണിയിലെ മറ്റൊരു പിതാവ് യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായാണ്. മലങ്കരസഭയിൽ ഏറ്റവും അവസാനം കാലം ചെയ്ത *എപ്പിസ്കോപ്പാ*യാണ് ഇദ്ദേഹം. കോട്ടയം ചക്കാലപ്പറമ്പിൽ വടക്കേപ്പറമ്പിൽ വർക്കിയുടെയും കുഞ്ഞമ്മയുടെയും പുത്രനായി 1928 മാർച്ച് 21-ന് ജനിച്ചു. 1956 ജൂൺ 14-ന് മാത്യൂസ് മാർ അത്താനാസ്യോസിൽ (പ. മാത്യൂസ് പ്രഥമൻ ബാവാ) നിന്നും വൈദികപട്ടം സ്വീകരിച്ച ഈ പിതാവ് 1978 മെയ് 15-ന് പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്നും എപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചു. കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാനായി സേവനമനുഷ്ഠിച്ചു. ഇദ്ദേഹം 1980 ഒക്ടോബർ 12-ന് കാലം ചെയ്തു. തന്റെ 52-ാം വയസ്സിലാണ് ഈ പിതാവ് കാലം ചെയ്തത്. ബഥനി ആശ്രമാംഗമായിരുന്ന ഇദ്ദേഹത്തെ റാന്നി പെരുനാട് സെന്റ് ജോൺസ് ബഥനി ചാപ്പലിൽ കബറടക്കി.

ഈ നിരയിലെ നിലവിൽ അവസാന കണ്ണിയാണ് അഭിവന്ദ്യ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. പേരങ്ങാട്ട് മത്തായി കുര്യന്റെയും സാറാമ്മ കുര്യന്റെയും പുത്രനായി സഖറിയാ 1955 ജൂലൈ 1-ന് ജനിച്ചു. 1979 മെയ് 21-ന് ശെമ്മാശ് പട്ടവും

1980 ഓഗസ്റ്റ് 30 ന് പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായിൽനിന്ന് വൈദികപട്ടവും 1992 ഡിസംബർ 5-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ ബാവായിൽനിന്ന് ഔഗേൻ എന്ന പേരിൽ റമ്പാൻ സ്ഥാനവും ലഭിച്ചു. 2004 ജൂൺ 10-ന് പരുമലയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 2005 മാർച്ച് 5 -ന് പരുമലയിൽ വച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ എപ്പിസ്കോപ്പാ സ്ഥാനവും 2006 ഫെബ്രുവരി 23-ന് പഴയ സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ മെത്രാപ്പോലീത്താ സ്ഥാനവും നൽകി. 2007 ജൂൺ 6-ന് തന്റെ 51-ാം വയസ്സിൽ കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ജൂൺ 7-ന് വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

അൻപത് വയസ്സിന് മുൻപ് കാലം ചെയ്ത ഒരു മെത്രാപ്പോലീത്തായും മലങ്കരസഭയ്ക്ക് ഉണ്ട് - മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുന്നത്ര ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. 1817 ഒക്ടോബറിൽ തൊഴിയൂർ സഭയുടെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസിൽ നിന്നു മേല്പട്ടസ്ഥാനമേറ്റ് മലങ്കര മെത്രാപ്പോലീത്താ ആയ മാർ ദീവന്നാസ്യോസ് 1825 മെയ് 16-ന് കാലം ചെയ്ത് കോട്ടയം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു. തന്റെ 40-ാം വയസ്സിലാണ് തിരുമേനി കാലം ചെയ്തത്.

മലങ്കരസഭയിലെ മെത്രാപ്പോലീത്താ ആയിരുന്ന മറ്റൊരു പിതാവും അൻപതുകളിൽ കാലം ചെയ്തു. എന്നാൽ അദ്ദേഹം തന്റെ അവസാന കാലത്ത് മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ മെത്രാപ്പോലീത്താ ആയിരുന്നു. പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് ആയിരുന്നു ആ പിതാവ്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ പിതൃസഹോദരപുത്രനും പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ പുത്രനും ആയ മാർ അത്താനാസ്യോസിൽ നിന്ന് മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. 1889-ലെ റോയൽ കോടതി വിധിയെത്തുടർന്ന് മാർത്തോമ്മാ സഭാരൂപീകരണത്തിന് നേതൃത്വം നൽകി. തന്റെ 55-ാം വയസ്സിൽ 1893 ആഗസ്റ്റ് 10-ന് കാലം ചെയ്ത് മാരാമൺ മാർത്തോമ്മാ പള്ളിയിൽ കബറടങ്ങി.

പിതാക്കന്മാരുടെ വേർപാട് സഭയെ ഭൗതികമായി ദുഃഖിപ്പിക്കുന്നുവെങ്കിലും ആത്മീകമായ സ്വർഗ്ഗീയ മദ്ധ്യസ്ഥരുടെ എണ്ണം വർദ്ധിക്കുന്നതിനാൽ സന്തോഷം പ്രദാനം ചെയ്യുന്നു. ദൈവത്തിന്റെ ഉദ്യാനത്തിൽ പ്രഭചൊരിയുന്ന ദീവന്നാസ്യോസ് (സൂര്യൻ) ആയി ഔഗേൻ പിതാവ് മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



**ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്**

**ഓർത്തഡോക്സ് അൽമായവേദി**



**ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്**

**എം. കുര്യൻ തോമസും കുടുംബവും**



**ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്**

**ജോയ്സും ശോഭയും സോഫിയായും**



**ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്**

**ഫീലിപ്പോസ് പൊട്ടയ്ക്കാവേലിലും കുടുംബവും**

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi**
**(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**